CLAD-A1/152/2024-CLAD

**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സാംസ്കാരികകാര്യ വകുപ്പ് - കേരള ഫോക് ലോർ അക്കാദമിയ്ക്ക് 2024-25 സാമ്പത്തിക വർഷത്തെ പദ്ധതി പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാംസ്കാരികകാര്യ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.270/2024/CLAD തീയതി,തിരുവനന്തപുരം, 30-05-2024

---

പരാമർശം:-
1. കേരള ഫോക് ലോർ അക്കാദമി സെക്രട്ടറി 04.05.2024 തീയതിയിൽ ചേർന്ന വർക്കിംഗ് ഗ്രൂപ്പ് മുമ്പാകെ സമർപ്പിച്ച പ്രൊപ്പോസൽ.
2. 04.05.2024-ന് കൂടിയ വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ നടപടിക്കുറിപ്പ്.

**<u>ഉത്തരവ്</u>**

കേരള ഫോക് ലോർ അക്കാദമിയ്ക്ക് പദ്ധതി പ്രവർത്തനങ്ങൾക്കായി 2024-2025 സാമ്പത്തികവർഷം "2205-00-102-74-36 (പ്ലാൻ)" എന്ന ശീർഷകത്തിൽ 3,10,00,000/-രൂപ (മൂന്ന് കോടി പത്ത് ലക്ഷം രൂപ മാത്രം) വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത തുക സ്ഥാപനത്തിന്റെ വിവിധ പദ്ധതി പ്രവർത്തനങ്ങൾക്കായി 04.05.2024 തീയതിയിൽ ചേർന്ന വർക്കിംഗ് ഗ്രൂപ്പ് മുമ്പാകെ സമർപ്പിച്ചിരുന്നു.

2. വർക്കിംഗ് ഗ്രൂപ്പ് യോഗം പ്രൊപ്പോസൽ പരിഗണിക്കുകയും കേരള ഫോക് ലോർ അക്കാദമിയ്ക്ക് 2024-2025 സാമ്പത്തിക വർഷത്തെ വിവിധ പദ്ധതിപ്രവർത്തനങ്ങൾ പദ്ധതിച്ചെലവ് 3,10,00,000/-രൂപ (മൂന്ന് കോടി പത്ത് ലക്ഷം രൂപ മാത്രം) നിജപ്പെടുത്തിക്കൊണ്ട് നിർവഹിക്കുന്നതിന് അംഗീകാരം നൽകുകയുണ്ടായി.

3. ഈ സാഹചര്യത്തിൽ, വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരം ലഭിച്ച കേരള ഫോക് ലോർ അക്കാദമിയുടെ 2024-25 സാമ്പത്തികവർഷത്തെ ചുവടെച്ചേർത്തിട്ടുള്ള പട്ടിക പ്രകാരമുള്ള വിവിധ പദ്ധതിപ്രവർത്തനങ്ങൾ, പദ്ധതിച്ചെലവ് "2205-00-102-74-36 (പ്ലാൻ)" എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 3,10,00,000/-രൂപ (മൂന്ന് കോടി പത്ത് ലക്ഷം രൂപ മാത്രം) നിജപ്പെടുത്തിക്കൊണ്ട് നിർവഹിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു:

| Sl.no. | Name of Work | Head of Account | Amount in Lakhs |
|---|---|---|---|
| 1. | Payment for clearing dues for conducted programs for the year 2023-24 (Ponniyathankam – 24, Award 22, P K Kalan Award, Stipend etc) | | 45 |
| 2. | Sponsored programs for rural art clubs | | 20 |
| 3. | Award for the year 2023 | | 15 |
| 4. | Sponsored programs for Colleges and schools | | 10 |
| 5. | Starting functional activities at Vellavoor subcentre | | 10 |

| | | | |
|---|---|---|---|
| 6. | Starting functional activities at Kannapuram Kalagram | 2205-00-102-74-36 (P) | 10 |
| 7. | Conducting Chengannuradhi Seminar at Chengannur | | 10 |
| 8. | Kalabhavanmani anusmaranam at Chalakudy | | 10 |
| 9. | Ponniyathankam – Heritage Festival of Kalari at Thalassery | | 20 |
| 10. | Maintenance and looking after of Folklore Museum at Chirakkal | | 20 |
| 11. | Conducting Silpasala | | 10 |
| 12. | Award in memory of P.K.Kalan | | 5 |
| 13. | Book Publication | | 10 |
| 14. | International Folk Festival | | 20 |
| 15. | Tribal Fest | | 5 |
| 16. | Stipend for students | | 15 |
| 17. | Treatment assistance | | 15 |
| 18. | Own Programmes | | 20 |
| 19. | Gramasandhya program for all villages in Kerala | | 10 |
| 20. | Library purchase | | 5 |
| 21. | Computerization of office (e-filing) | | 5 |
| 22. | Rent of two vehicles used by the Academy | | 20 |
| | **Total** | | **310** |

4. ഈ പ്രവൃത്തികൾ താഴെപ്പറയുന്ന വ്യവസ്ഥകൾ കൂടി കർശനമായി പാലിച്ചാവണം നിർവ്വഹിക്കേണ്ടത്:

1) ഓരോ പ്രവൃത്തിക്കും ബാധകമായ നിലവിലുള്ള നടപടിക്രമങ്ങളും ചട്ടങ്ങളും വ്യവസ്ഥകളും ഉത്തരവുകളും പാലിച്ചാവണം പദ്ധതി നിർവ്വഹണം.

2) പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട സമാഹരണങ്ങൾ (IT അനുബന്ധ സാമഗ്രികൾ ഉൾപ്പെടെ) സ്റ്റോഴ്സ് പർച്ചേസ് റൂൾസിനും ഐ ടി പ്രൊക്യൂർമെന്റ് മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസൃതമായിരിക്കേണ്ടതും വ്യവസ്ഥകൾ പാലിക്കേണ്ടതുമാണ്.

3) പദ്ധതി ഘടകങ്ങൾക്കുള്ള തുക ബന്ധപ്പെട്ട നിർവ്വഹണ ഏജൻസിയ്ക്ക് റിലീസ് ചെയ്ത് നൽകുന്നതിനുള്ള ചുമതല സാംസ്കാരികവകുപ്പ് ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കും. ആവശ്യകതയ്ക്കനുസരിച്ച് മാത്രമേ തുക പിൻവലിക്കാൻ പാടുള്ളൂ.

4) സാംസ്കാരികവകുപ്പ് ഡയറക്ടറും ബന്ധപ്പെട്ട പദ്ധതി നിർവ്വഹണ ഏജൻസിയും പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കേണ്ടതും തുകയുടെ ശരിയായ വിനിയോഗം ഉറപ്പുവരുത്തേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മിനി ആന്റണി.ഐ.എ.എസ്
സെക്രട്ടറി

സെക്രട്ടറി, കേരള ഫോക് ലോർ അക്കാദമി, കണ്ണൂർ

മെമ്പർ സെക്രട്ടറി, സംസ്ഥാന പ്ലാനിംഗ് ബോർഡ്, തിരുവനന്തപുരം
ഡയറക്ടർ, സാംസ്കാരികവകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, പ്രിൻസിപ്പൽ സബ് ട്രഷറി, ഫോർട്ട്, തിരുവനന്തപുരം
ഇൻഫർമേഷൻ ആഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
ധനകാര്യ (വിദ്യാഭ്യാസ സി /പ്ലാനിംഗ് ബി) വകുപ്പ്
സാംസ്കാരികകാര്യ (ബി) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Sheeba K P
Date: 01-06-2024 12:04:57
സെക്ഷൻ ഓഫീസർ